**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1** **22-07-2021 - ൽ മറുപടിയ്ക്ക്**

**പ്രളയ പുനരധിവാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ. പി. ടി. തോമസ് ,<br>ശ്രീ. സജീവ് ജോസഫ്** | | **Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പ്രളയ സെസ്സിന്റെ ഭാഗമായി ലഭിച്ച തുക പ്രളയ പുനരധിവാസ പ്രവർത്തനങ്ങൾക്കായി കൈമാറിയിട്ടുണ്ടോ; | (എ) | വിവരം ശേഖരിച്ചുവരുന്നു. |
| (ബി) | ഇല്ലെങ്കിൽ പ്രളയം മൂലം വീടുകളും ജീവനോപാധിയും നഷ്ടപ്പെട്ട നിരവധി കുടുംബങ്ങൾ ഇപ്പോഴും ബുദ്ധിമുട്ടുമ്പോൾ പ്രളയ സെസ്സിലൂടെ ലഭിച്ച തുക റീബിൽഡ് കേരളയ്ക്ക് കൈമാറാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | വിവരം ശേഖരിച്ചുവരുന്നു. |
| (സി) | പ്രളയ പുനരധിവാസ പ്രവർത്തനങ്ങൾക്കായി ഏതൊക്കെ അന്താരാഷ്ട്ര ഏജൻസികളിൽ നിന്നും സഹായം/വായ്പ ലഭ്യമാക്കിയിട്ടുണ്ടെന്നും എത്ര തുക വീതമാണ് ലഭിച്ചതെന്നുമുള്ള കണക്ക് ലഭ്യമാണെങ്കിൽ വെളിപ്പെടുത്തുമോ; | (സി) | സംസ്ഥാന ബഡ്ജറ്റ് വിഹിതം (ലോകബാങ്ക്, എ.ഡി.ബി, ജെ.ഐ.സി.എ., കെ.എഫ്.ഡബ്ല്യൂ. എന്നിവയിൽനിന്നുള്ള വായ്പാ വിഹിതം ഉൾപ്പെടെ), കേന്ദ്ര ഫണ്ടുകളിൽനിന്നുള്ള അധികവിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ഫ്ലക്സി ഫണ്ട്, ക്രൗഡ് ഫണ്ടിങ്, സി.എം.ഡി.ആർ.എഫ്. തുടങ്ങിയ സ്രോതസുകളിലൂടെയാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (RKI) പദ്ധതികൾക്ക് പണം കണ്ടെത്തുന്നതിന് വിഭാവനം ചെയ്തിട്ടുള്ളത്. ലോകബാങ്കിന്റെ ഒന്നാം വികസന നയവായ്പയുടെ ആദ്യ ഗഡുവായി (ഡിപിഎൽ-1) 250 ദശലക്ഷം യു.എസ്. ഡോളർ 2019 ജൂണിൽ സംസ്ഥാനത്തിന് അനുവദിക്കുകയും, ആ തുക സംസ്ഥാനത്തിന് 2019 ഓഗസ്റ്റിൽ ലഭിക്കുകയും ചെയ്തു. പിന്നീട് ജർമ്മൻ വികസനബാങ്കായ കെ.എഫ്.ഡബ്ല്യൂ കൂടി വികസനനയ വായ്പയുടെ ഭാഗമാകുന്നതിന് തയ്യാറാകുകയും ഡി.പി.എൽ-1 ന്റെ അനുബന്ധ സഹായമെന്ന നിലയിൽ 100 ദശലക്ഷം യൂറോ അപ്രകാരം കെ.എഫ്.ഡബ്ല്യൂവിൽനിന്ന് 2021 മാർച്ചിൽ സംസ്ഥാനത്തിന് ലഭ്യമായിട്ടുമുണ്ട്. കൂടാതെ, പ്രകൃതിദുരന്തങ്ങളെ ചെറുക്കുന്നതിന് പര്യാപ്തമായ തരത്തിൽ റോഡുകൾ |

| | | | |
|---|---|---|---|
| | | | പുനർനിർമിക്കുന്നതിനായി സംസ്ഥാനത്തിന് 170 ദശലക്ഷം യൂറോ ലഭ്യമാക്കുന്നതിന് കെ.എഫ്.ഡബ്ല്യൂ.-വുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഡി.പി.എൽ-1 ന്റെ തുടർച്ച എന്ന നിലയിൽ ഫലപ്രാപ്തി അധിഷ്ഠിത വായ്പ പദ്ധതിയായി (Program for Results-PfR) ലോകബാങ്കും ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ആൻഡ് ഇൻവെസ്റ്റ്മെന്റ് ബാങ്കും ചേർന്ന് 250 ദശലക്ഷം ഡോളർ വായ്പ അനുവദിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |
| (ഡി) | ഇപ്രകാരം വിവിധ അന്താരാഷ്ട്ര ഏജൻസികളിൽ നിന്നും ലഭ്യമാക്കിയ തുക പ്രളയ പുനരധിവാസ പ്രവർത്തനം നടത്തുന്ന റീബിൽഡ് കേരള അടക്കമുള്ള ഏജൻസികൾക്ക് കൈമാറിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | വിവരം ശേഖരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ